# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T.1951 — 04.10.2011 ൽ മറുപടിക്ക്

## ആധാർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |

(എ) കേരളത്തിൽ ആധാർ നമ്പർ ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്യുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(എ) ആധാർ നമ്പർ ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്യാൻ വിവിധ യു.ഐ.ഡി രജിസ്ട്രാർമാരുടെ കീഴിൽ നിരവധി എൻറോൾമെന്റ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്.

കേരള സംസ്ഥാന രജിസ്ട്രാറിനു കീഴിൽ താഴെപ്പറയുന്ന മൂന്ന് സ്ഥാപനങ്ങളെയാണ് എൻറോൾമെന്റ് നടത്തുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്.

1. അക്ഷയ – ഗ്രാമീണ മേഖലകളിൽ എൻറോൾ ചെയ്യുന്നതിന്.
2. കെൽട്രോൺ - നഗര പ്രദേശങ്ങളിൽ എൻറോൾ ചെയ്യുന്നതിന്.
3. ഐ.ടി.@സ്കൂൾ - സ്കൂളുകളിൽ എൻറോൾ ചെയ്യുന്നതിന്.

മേൽപ്പറഞ്ഞ മൂന്ന് ഏജൻസികൾക്ക് പുറമെ മറ്റു രജിസ്ട്രാർമാരായ എസ്.ബി.ടി, ഇന്ത്യാ പോസ്റ്റ് തുടങ്ങിയവയും സംസ്ഥാനത്ത് എൻറോൾമെന്റ് ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതുവരെ കേരളത്തിൽ ആധാർ നമ്പർ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്യുവരുടെ എണ്ണം ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കേരള സംസ്ഥാന രജിസ്ട്രാറിനു കീഴിൽ ആധാർ നമ്പർ ലഭിക്കുന്നതിനായി രജിസ്റ്റർ ചെയ്യുവരുടെ എണ്ണം ലഭ്യമായ വിവരങ്ങൾ പ്രകാരം ജില്ല തിരിച്ച് താഴെ കൊടുക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 1,85,974 |
| കൊല്ലം | 34,666 |
| പത്തനംതിട്ട | 1,01,173 |
| ആലപ്പുഴ | 1,47,757 |
| കോട്ടയം | 21,051 |
| ഇടുക്കി | 8,309 |

| | |
|---|---|
| എറണാകുളം | 26,742 |
| തൃശ്ശൂർ | 1,583 |
| പാലക്കാട് | 11,508 |
| മലപ്പുറം | 77,119 |
| കോഴിക്കോട് | 24,573 |
| വയനാട് | 52,018 |
| കണ്ണൂർ | 6,653 |
| കാസർഗോഡ് | 18,499 |

| | | | |
|---|---|---|---|
| (സി) | ഓരോ രജിസ്ട്രേഷനും അക്ഷയ സെന്ററിന് ലഭിക്കുന്ന പ്രതിഫലം എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | 35 രൂപ |
| (ഡി) | അക്ഷയ സെന്ററുകൾക്ക് പ്രതിഫലം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ രജിസ്ട്രേഷൻ കഴിഞ്ഞ് ആധാർ നമ്പർ ലഭ്യമായതിന് ശേഷം ആണ് യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ പ്രതിഫലം നൽകുന്നത്. എൻ റാൾ മന്റ് കഴിഞ്ഞ് ആധാർ നമ്പർ ലഭ്യമാകാൻ നിലവിൽ 4 മുതൽ 6 മാസം വരെ കാലതാമസം ഉണ്ടാകുന്നുണ്ട്. ഈ വിഷയം യു.ഐ.ഡി.എ.ഐ-യെ അറിയിക്കുകയും ആധാർ നമ്പർ ലഭ്യമാകുന്നത് വേഗത്തിൽ ആക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ കഴിഞ്ഞാൽ ആധാർ നമ്പർ ലഭ്യമാകുന്നതിന് മുമ്പേ പ്രതിഫലം ലഭ്യമാക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ